

നമ്മളുടെ
നാടകവേദി
ഇടശ്ശേരി



# നമ്മുടെ നാടകവേദി
## ഇടശ്ശേരി

നമ്മുടെ നാടകവേദി തികച്ചും മാറിക്കഴിഞ്ഞിരിക്കുന്നു. ഈ മാറ്റം സമഗ്രമായ വസ്തുവിൽ കൂടിയുണ്ട്. വിധാനത്തിലോ വിതാനത്തിലോ മാത്രമല്ല. ഹാർമോണിയവും മൃദംഗവും തിരശ്ശീലയ്ക്കു പിന്നിൽപോയി. സ്റ്റേജ് മൈക്ക് അദ്ഭുതങ്ങൾ പ്രദർശിപ്പിച്ചുതുടങ്ങി. കൊട്ടാരങ്ങളുടെയും വനാന്തരങ്ങളുടെയും രാജവീഥികളുടെയും മുൻപിലൊരു ദേവന്റെയും ചിത്രം വഹിക്കുന്ന കൂറ്റൻ തിരശ്ശീലകൾ ചരുണ്ടുയരുകയും താഴുകയും ചെയ്തിരുന്നതിനുപകരം പാർശ്വത്തിലേയ്ക്കു നീങ്ങുന്നതും ചിത്രമില്ലാത്തതും വർണോജ്വലവുമായ ഒരു മുൻകർട്ടനും ഏതു പശ്ചാത്തലത്തിനും പററിയ ഒരു കറുപ്പു കർട്ടനും മതി എന്നായിരിക്കുന്നു. തീനാളം-പോലുള്ള പട്ടുടുപ്പുകളും മിന്നിത്തിളങ്ങുന്ന കിരീടങ്ങളും മുത്തുകളുമാകട്ടേ, സാധാരണ ഷർട്ടും വേഷ്ടിയും റിസ്റ്റ്വാച്ചുമായി മാറിക്കഴിഞ്ഞു. ദേവന്മാരും രാജകുമാരന്മാരും അറുദുഷ്ടരായ പ്രതിദ്വന്ദികളും പതിവ്രതാരത്നങ്ങളും പടുവേശ്യകളും ആടിയിരുന്ന രംഗത്തിലിതാ, ദോഷങ്ങളും ഗുണങ്ങളും ഇടകലർന്ന് സന്ദർഭം നിറംപിടിപ്പിക്കുന്നതിനനുസരിച്ച് നല്ലവനും മുട്ടാളനും മഹാനും അറുചെറ്റയുമായി പെരുമാറുന്ന ആണും പെണ്ണും പ്രത്യക്ഷപ്പെടുന്നു. പുരാണകാലങ്ങളിലും ചരിത്രകാലങ്ങളിലുമായി നമ്മുടെ മനസ്സിനെ വിനിവേശിപ്പിച്ച് രസാനുഭൂതികളെ പ്രദാനം ചെയ്യുന്ന നാടകവേദികൾ ആധുനികകാലത്തു നമ്മോടൊപ്പം ജീവിക്കുന്ന, നമ്മുടെ ചുറ്റുപാടുമുള്ള മനുഷ്യരുടെ ജീവിതത്തിലെ വിശാലതകളിലും നിഗൂഢതകളിലും പാറിനടന്ന് പൊള്ളുന്നവയെങ്കിലും അവശ്യം ഭക്ഷ്യങ്ങളും ആരോഗ്യകരങ്ങളുമായ അനുഭൂതികളെ കൊത്തിത്തിന്നാൻ പഠിപ്പിക്കുകയാണ്. നമുക്കവ രസം പിടിപ്പിക്കുന്നുമുണ്ട്. അപ്പോൾ നമ്മുടെ നാടകവേദിക്കു വന്നിട്ടുള്ള ബാഹ്യവും ആന്തരികവുമായ മാറ്റം മഹത്താണ്.

ഈ പുതിയ നാടകവേദികൾ നമ്മുടെ സാമൂഹ്യജീവിതത്തിൽ കൂടുതൽ കൂടുതൽ സ്വാധീനത ചെലുത്തിക്കൊണ്ടുവരുന്നു. അതിന്റെ പ്രാധാന്യം സമുദായപരിഷ്കർത്താക്കൾ ഇനിയുമധികം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പണ്ടുകാലം മുതൽക്കേ ബഹുജനാധ്യയനത്തിന് സുശക്തമായ ഒരു പ്രചരണ യന്ത്രമാണ് നാടകവേദി. പഠിപ്പില്ലാത്ത ഇന്നാട്ടിലെ ബഹുകോടി ജനത്തിന് പഠിപ്പുള്ള ന്യൂനപക്ഷത്തോടൊപ്പം സദാചാരബോധവും ധർമനിഷ്ഠയും വളർന്നിട്ടുണ്ട്. ബഹുജനസംസ്കാരത്തെ ഇങ്ങനെ നിലവാരപ്പെടുത്തിയതെങ്ങനെ എന്നുള്ളത് ഒരു മഹാദ്ഭുതമാണ്. ഇതു മനസ്സിലാവണമെങ്കിൽ പൗരാണികമായ വിജ്ഞാനത്തെ ബഹുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കാൻ ഇന്നാട്ടിലെ പഴയ ദൃശ്യകലാവേദികൾ - ചാക്യാർക്കൂത്തിനും ഓട്ടൻതുള്ളലിനും കഥകളിക്കും മറ്റ് അത്തരം പലതിനുമായി സജ്ജമാക്കിയിരുന്ന അരങ്ങുകൾ - ചെയ്തുതീർത്തിട്ടുള്ള ഭാരിച്ച പ്രവൃത്തിയുടെ നീണ്ട ചരിത്രം പരിശോധിക്കുക തന്നെ വേണ്ടിവരും.

നമ്മുടെ പുതിയ രാഷ്ട്രം ഒരു പുതിയ സംസ്കാരത്തെ പ്രചരിപ്പിക്കാൻ യത്നിക്കുകയാണല്ലോ. വ്യക്തിഗതമായ വിചിന്തനങ്ങളെ വിട്ട് സാമൂഹ്യമായ ചിന്താഗതിയിലേക്ക് തിരിഞ്ഞിരിക്കുകയാണ് ഈ ഭൗതികരാഷ്ട്രത്തിലെ പൗരന്മാർ. രാജകുമാരന്മാരെ വിട്ട് ജനാധിപത്യത്തെ പ്രതിഷ്ഠിച്ചതോടുകൂടി സാമൂഹ്യമായ ചിന്താഗതിയെയും സഹകരണശീലത്തെയും വളർത്തിക്കൊണ്ടുവരുവാൻ നാം ബദ്ധപ്രതിജ്ഞരായിട്ടുണ്ട്. വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളോടൊപ്പം വ്യക്തിഗതമായ ഗുണദോഷങ്ങളും പിൻതള്ളപ്പെടുകയും രാഷ്ട്രത്തിന്റെ ഇച്ഛാശക്തി സർവപ്രധാനമാവുകയും ഗുണങ്ങൾക്കും ദോഷങ്ങൾക്കും സാമൂഹ്യമായ അസ്തിത്വവും വ്യാപ്തിയും കൈവരുകയും ചെയ്തിരിക്കുന്നു. ഈ പുതിയ സംസ്കാരത്തെയും ബഹുജനങ്ങളിൽ- പണ്ടത്തെപ്പോലെ പഠിപ്പുള്ളവരും ഇല്ലാത്തവരുമായ ബഹുജനങ്ങളിൽ- പ്രചരിപ്പിക്കാനും നിലവാരപ്പെടുത്താനും ഇപ്പോഴും ഉദ്ബുദ്ധരായ കലാകാരന്മാരെയാണ് രാഷ്ട്രം നിയോഗിക്കേണ്ടത്. ഇന്നാട്ടിൽ അവരത് ഏറെറടുക്കുവാൻ ഒരുക്കമാണെന്നു തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഉയർന്നുവരുന്ന കലാസമിതികൾ ഈ ഭാരിച്ച ചുമതലയാണ് നിർവഹിക്കാനൊരുമ്പെടുന്നത്.

പുതിയ സംസ്കാരത്തിന്റെ അധ്യയനശാലകളായി മാറിയിരിക്കുന്ന നമ്മുടെ നാടകവേദികൾ പഴയ നാടകകലയെ കുറെ വെട്ടിച്ചുരുക്കിയിട്ടുണ്ട്. അഭിനയം, താളമേളങ്ങളോടുകൂടിയ സംഗീതം, നൃത്തം - ഇവ ചിത്രകാരനും ശില്പിയും കൂടി ഒരുക്കിയ രംഗത്തിൽ ഒരു സാഹിത്യകാരന്റെ സൃഷ്ടിപരിപാടിക്ക് വിധേയമായി സമ്മേളിക്കുന്നതാണല്ലോ നാടകം. ഈ കലാവിദ്യകളിൽ ചിലതിനെ തീരെ വേണ്ടെന്നുവയ്ക്കുകയും മററു ചിലതിനെ അപ്രധാനമാക്കുമാറ് ചുരുക്കുകയും ചെയ്തിരിക്കുന്നു. പല പരീക്ഷണങ്ങൾക്കും ശേഷമാണ് ഇന്നത്തെ സമ്പ്രദായത്തെ വാർത്തെടുത്തിട്ടുള്ളത്. തിരിഞ്ഞുനോക്കുമ്പോൾ നമ്മെ ചിരിപ്പിക്കുമാറ് അത്രയും വിഡ്ഢിത്തങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. ദേവന്മാരും ചരിത്രാതീതകാലത്തെ മനുഷ്യരുമല്ല കഥാപാത്രങ്ങൾ എന്നായപ്പോൾ സംഭാഷണം സംഗീതാത്മകമാക്കുന്നതിൽ വലിയൊരു അസ്വാഭാവികത മുഴച്ചുകണ്ടു. സംഭാഷണം പാട്ടിലായില്ലെങ്കിൽ വേണ്ട, സംഗീതത്തിന് വേറെ സന്ദർ



നമ്മളുടെ
നാടകവേദി
ഇടശ്ശേരി

2

ഭമുണ്ടല്ലോ. അങ്ങനെയും ചിലതു പരീക്ഷിച്ചുനോക്കി. പള്ളിക്കൂടത്തിൽനിന്നുവരുന്ന അനുജത്തിയെ പിടിച്ചുനിർത്തി ഏട്ടൻ ചോദിക്കുന്നു: “നീ ഇന്നെന്തെല്ലാം പഠിച്ചു?” “കണക്കു പഠിച്ചു. ഇംഗ്ലീഷ് പഠിച്ചു. പിന്നെ പാട്ടുണ്ടായിരുന്നു. നൃത്തക്ലാസ്സും.” “ശരി ഇന്നു പഠിച്ച പാട്ടു പാടൂ” അതാ, സംഗീതത്തിനുള്ള ഒരൊന്നാന്തരം സന്ദർഭം. പാടുകയായി. പക്ഷേ, ഒരു ചില്ലറക്കുഴപ്പം ആ സംഗീതവിദ്യാർഥിനി കോകിലഗാന ഇശൈവാണിയെക്കാൾ വിദഗ്ദ്ധകണ്ഠത്തോടെ പാടണം; അല്ലെങ്കിൽ ആ വിദ്യാർഥിനി വേഷം കെട്ടിയ നടിയുടെ സ്വന്തം കീർത്തിക്കാണ് കേട്. അങ്ങനെ പാടി എന്നിരിക്കട്ടെ. അതോടെ പാട്ടു പഠിക്കുന്ന വിദ്യാർഥിനി എന്ന കഥാപാത്രത്തിന്റെ സൃഷ്ടിക്ക് ഒരു പന്തികേടു തോന്നുകയായി. പാട്ടുകഴിഞ്ഞു. അനിയത്തി അന്നു പഠിച്ച നൃത്തം കാണിക്കാൻ നിയുക്തയായി. താൻ തന്നെ താളം പിടിച്ചു. അതാ, അംഗചലനാദികളാലും ഭാവരസങ്ങളാലും ഹൃദയത്തെ താളം കൊട്ടിക്കുന്ന ഒരു മനോഹരനൃത്തം ആരംഭിക്കുന്നു. നൃത്തം പൊടിപൊടിച്ചു. പക്ഷേ, സഹോദരന്റെ മുൻപിൽവച്ചാകുമ്പോൾ അങ്ങനെയൊരു പ്രദർശനത്തിൽ വേണ്ടേടത്തോളം ഭാവവ്യക്തി വന്നില്ലെന്നും അഥവാ വന്നാൽ അനുചിതമായെന്നും വരാം. വേണ്ട, കുട്ടികൾക്കു യോജിച്ച വല്ല നൃത്തവും മതി. പക്ഷേ, “രാമാ നോക്കൂ നീ മാവിന്മേൽ മാങ്ങ” എന്നുപാടി ആംഗ്യം കാണിച്ചാൽ തടിച്ച ടിക്കറ്റുവിലയും കൊടുത്ത് അകത്തു കയറിയിരിക്കുന്ന കാണികൾ കൂകും. അവർക്ക് ഭാവനിർഭരവും ശൃംഗാരമധുരവുമായ ഒരു മോഹനനൃത്തമാണ് പ്രതീക്ഷ. വെറും ആംഗ്യപ്പാട്ടല്ല. ദ്രോഹം, നമ്മുടെ നാടകകർത്താക്കൾ ഈ രണ്ടിനെയും, പാട്ടിനെയും നൃത്തത്തെയും ഒരുമിച്ച് നാടകവേദിയിൽനിന്ന് നിഷ്കാസനം ചെയ്തു.

ചിത്രകാരനെ തികച്ചും ഒഴിവാക്കിയിട്ടില്ല. സൈഡ്കർട്ടനുകളിന്മേൽ പലതരം പൂപ്പണികൾ ചെയ്തുകൊണ്ടും അണിയറയെ തൊട്ടുമിനുക്കിക്കൊണ്ടും അയാളങ്ങനെ നാടകവേദിയിൽ ചുറ്റിപ്പററിനിൽക്കുകയാണ്. ശില്പകല അടവൊന്നു മാററിച്ചവിട്ടുന്നു. തടിച്ച കടലാസുചട്ടയിൽ വെട്ടിയെടുത്ത നരിയും പുലിയും മരച്ചാടുകളും കൊണ്ട് അണിയറയിൽ നിൽക്കുന്ന അയാളെ ഫുട്ട്ലൈറ്റിന്നടുക്കെ പിടിച്ചിരുത്തി. “ഞങ്ങളെ ചോപ്പിക്കുകയും പച്ചപ്പിക്കുകയും ചെയ്തുതരൂ” എന്നു നടന്മാർ പറയുമ്പോൾ സമ്മതം മൂളിക്കൊണ്ട് അയാളും നാടകവേദിയെ ചുഴന്നുനിൽക്കാനാണ് ഭാവം. എന്നല്ല ഈ രണ്ടുകൂട്ടരും നിഴൽനാടകങ്ങളിൽ ഒഴിച്ചുവിടാൻ വയ്യാത്ത പങ്കാളികളായി പറ്റിക്കൂടുകയും ചെയ്തിരിക്കുന്നു.

നാടകവേദിയിൽനിന്ന് സംഗീതാദികൾ തിരോധനം ചെയ്തുവെങ്കിൽ നാട്യകല അത്രയും തെളിഞ്ഞുയരുകയും ഇതര കലാവിദ്യകളുടെ അഭാവത്തെ തെല്ലും അറിയിക്കാതെ കഴിക്കാൻ വിദഗ്ദ്ധമായി ശ്രമിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിൽ പണ്ടുമുണ്ടായിട്ടുണ്ടല്ലോ നാട്യശാസ്ത്ര പാരംഗതന്മാരായ പണ്ഡിതന്മാർ. എങ്കിൽ ആ മൺമറഞ്ഞ കലാകാരന്മാർക്ക് അവരുടെ ഇളം തലമുറയെക്കുറിച്ച് ഒട്ടും തന്നെ വിചാരപ്പെടാനില്ല. പക്ഷേ, കലാസമിതികളോ വായനശാലകളോ സ്ത്രീകളോ ഒരുക്കുന്ന നാടകവേദികളിൽ, ഇങ്ങനെ വിവിധ വേഷത്തിൽ സഞ്ചരിക്കുന്ന യഥാർഥ നടന്മാർ പ്രത്യക്ഷപ്പെട്ട് നമ്മെ അദ്ഭുതപ്പെടുത്തുകയും അതിലധികം ആഹ്ലാദം കൊള്ളിക്കുകയും ചെയ്യുന്നു.

നടന്മാരുടെ വൈദഗ്ധ്യത്തെ തികച്ചും പ്രകടിപ്പിക്കാവുന്ന രംഗങ്ങളാണ് പുതിയ നാടകങ്ങൾ സംവിധാനം ചെയ്യുന്നത്. യാഥാർഥ്യത്തിൽനിന്നു വളരെയധികം അകന്നുനിൽക്കുന്ന അഭിനയം നടനെ വിഷമിപ്പിക്കും. പ്രേക്ഷകനെ മുഷിപ്പിക്കുകയും ചെയ്യും. ഒരുദാഹരണംകൊണ്ട് അത് വ്യക്തമാക്കാം. രംഗത്തിൽ സ്റ്റൂളിന്മേലോ കമഴ്ത്തിയിട്ട കുന്താണിയിന്മേലോ ഒരു കാൽ പൊക്കിവെച്ച് കൈയിൽ ഒരു ചമ്മട്ടിയുമുലച്ച് ഒരു സവിശേഷനില്പുകൊണ്ട് രഥവേഗം അഭിനയിച്ചു ഫലിപ്പിക്കുക എന്നത് എന്തായാലും ഇന്നത്തെ നാടകങ്ങളിൽ വേണ്ടാ. നടൻ എത്ര വിദഗ്ധനായിക്കൊള്ളട്ടെ. മാറാത്ത പശ്ചാത്തലത്തിൽ നിൽക്കുന്ന അയാളുടെ ഭാവസ്ഫുരണങ്ങളെ മാത്രമവലംബിച്ച് പ്രേക്ഷകൻ അയോധ്യ മുതൽ കണ്വാശ്രമം വരേയ്ക്ക് ഈ രഥവേഗത്തെ പിന്തുടരണമെങ്കിൽ വളരെ ബുദ്ധിമുട്ട് സഹിക്കണം. അത്തരം ചലിക്കുന്ന രംഗങ്ങൾ ഇന്നത്തെ നാടകങ്ങളിൽ കാണാറില്ല. അസ്വാഭാവികതകളെ ആവുംതോറും പരിഹരിക്കാനും അരമ്യങ്ങളായ ദൃശ്യങ്ങളെ തടയാനുമായി യുദ്ധം, ഉറക്കം, ഊണ് മുതലായ ദൃശ്യങ്ങളെയൊന്നും രംഗത്ത് പ്രവേശിപ്പിക്കരുതെന്ന് വിലക്കുന്ന ആചാര്യന്മാർ എന്തുകൊണ്ടാണ് ഏററവും അസ്വാഭാവികവും അസൗകര്യപ്രദവുമായ ഇത്തരം ചലിക്കുന്ന രംഗങ്ങളെ നാടകങ്ങളിൽ വച്ചു പൊറുപ്പിച്ചുപോന്നതെന്നു മനസ്സിലാകുന്നില്ല. ഇന്നാകട്ടെ, തിരശ്ശീലയുടെ പിന്നിൽവച്ച് മൈക്കിൽകൂടിയുള്ള ഒരലമ്പലും ഒരു നീണ്ട പീപ്പിവിളിയും കൊണ്ട് മദിരാശിയിൽ നിന്നൊരാളെ വേണമെങ്കിൽ ഒരു സ്പെഷൽ ട്രെയിനിലൂടെ കോഴിക്കോട്ടെത്തിച്ചേയ്ക്കും. വണ്ടിക്കകത്തുവച്ചുണ്ടായ കൊലപാതകമോ സ്നേഹപ്രകടനമോ തുടർന്ന് രംഗത്തിൽ വച്ചുള്ള സംഭാഷണങ്ങളിൽ വ്യംഗ്യഭംഗിയോടെ ആവിഷ്കരിക്കുകയും ചെയ്യും. ഭഗവദ്ദൂതിൽ പാർഥ ദുര്യോധനന്മാരുടെ രസപൂർണമായ വിലപേശലിനെ കൃഷ്ണന്റെ ഉറക്കത്തെത്തുടർന്ന് അഭിമന്യു-ഘടോൽക്കചന്മാരുടെ വായിൽത്തിരുകിക്കൊടുത്തതുകൊണ്ടുണ്ടായതിലും കവിഞ്ഞ നഷ്ടമൊന്നും ആധുനിക നാടകകർത്താവിന്റെ മേൽപ്പറഞ്ഞ പ്രയോഗംകൊണ്ട് സംഭവിക്കുകയുമില്ല.